# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>പട്ടികജാതിക്കാരുടെ പിന്നോക്കാവസ്ഥ സംബന്ധിച്ച് വിശദമായ പഠനം</u>

2562 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാരുടെ പിന്നോക്കാവസ്ഥ സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പട്ടികജാതിക്കാരുടെ സാമൂഹിക അവസ്ഥ ദേശീയതലത്തിലുള്ള അവസ്ഥയുമായി താരതമ്യം നടത്തിയിട്ടുണ്ടോ; കണ്ടെത്തലുകൾ വിശദമാക്കാമോ;

(സി) പട്ടികജാതിക്കാരുടെ സാമൂഹ്യ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് നിലവിലുള്ള പദ്ധതികൾ പര്യാപ്തമാണോ;

(ഡി) ആണെങ്കിൽ അതിന്റെ കാര്യക്ഷമമായ നടത്തിപ്പിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>പട്ടികജാതിക്ഷേമം ഉറപ്പാക്കുന്നതിന് പദ്ധതികൾ</u>

2563 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
'' വി. പി. സജീന്ദ്രൻ
'' എം. എ. വാഹീദ്
'' ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിഷൻ 676 ൽ ഉൾപ്പെടുത്തി പട്ടികജാതി ക്ഷേമം ഉറപ്പാക്കുന്നതിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്?

**കേരള നിയമസഭ**
**18.06.2014-ലെ മറുപടിക്ക്**

<u>വിനോദസഞ്ചാരമേഖലയിലെ ജനകീയ പങ്കാളിത്തം</u>

2564 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, വർക്കല കഹാർ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിഷൻ 676ൽ ഉൾപ്പെടുത്തി വിനോദസഞ്ചാരമേഖലയിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

പട്ടികജാതി വിഭാഗത്തിലെ ദുർബല സമുദായങ്ങൾക്കായി നടത്തിയ ക്ഷേമപ്രവർത്തനങ്ങൾ

2565 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിലെ ദുർബല സമുദായങ്ങളുടെ വിവിധ ക്ഷേമപ്രവർത്തനങ്ങൾക്കായി 2011-12, 2012-13, 2013-14 വർഷങ്ങളിൽ ബഡ്ജറ്റിൽ എത്ര തുക നീക്കി വച്ചിരുന്നുവെന്നും ആയതിൽ എത്ര രൂപ ചെലവഴിച്ചു വെന്നും വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇവർക്കായി വിഭാവനം ചെയ്തിരുന്നതെന്ന് വിശദമാക്കുമോ;

(സി) ഓരോ വർഷവും എത്ര കുടുംബങ്ങൾക്കാണ് പദ്ധതി നടപ്പാക്കാൻ ലക്ഷ്യമിട്ടിരുന്നതെന്നും എത്ര കുടുംബങ്ങൾക്ക് പദ്ധതിയുടെ ഗുണം ലഭിച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ആരാണെന്നും, ഇതിനുള്ള മാനദണ്ഡം എന്താണെന്നും വിശദമാക്കുമോ; ഈ പദ്ധതിക്ക് മേൽനോട്ടം വഹിക്കുന്നത് ആരാണെന്ന്
വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**18.06.2014-ലെ മറുപടിക്ക്**

<u>പട്ടികജാതി വിഭാഗക്കാർക്ക് ഭൂമി വാങ്ങുവാൻ വേണ്ടി നീക്കിവെച്ച തുക</u>

2566 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ പട്ടികജാതി വിഭാഗക്കാർക്ക് ഭൂമി വാങ്ങുവാൻ വേണ്ടി കഴിഞ്ഞ വർഷം നീക്കിവെച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) അപേക്ഷ നൽകിയ അർഹരായ എല്ലാവർക്കും ഭൂമി നൽകുവാൻ അനുവദിച്ച തുക പര്യാപ്തമാണോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

ഒ.എൽ.എച്ച് കോളനികളിൽ താമസിക്കുന്നവർക്ക് പട്ടയം

2567 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒ.എൽ.എച്ച് കോളനികളിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്ന കാര്യം പരിശോധിക്കുമോ;

(ബി) പ്രസ്തുത കോളനികളിലെ സ്ഥലം കൈമാറ്റം ചെയ്യാൻ പാടില്ല എന്ന വ്യവസ്ഥ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഒ.എൽ.എച്ച് കോളനികളിലെ സ്ഥിരതാമസക്കാർക്ക് സ്വന്തം പേരിൽ സ്ഥലം ഇല്ല എന്ന കാരണത്താൽ ആനുകൂല്യങ്ങൾ നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മരങ്ങാട്ടുപിള്ളി പഞ്ചായത്തിലെ കുര്യനാട് ഒ.എൽ.എച്ച് കോളനിയിൽ ഇപ്രകാരം എത്ര താമസക്കാർ ഉണ്ടെന്ന് വ്യക്തമാക്കാമോ; ഇവർക്ക് സർക്കാരിന്റെയും പഞ്ചായത്തിന്റെയും ആനുകൂല്യം നൽകുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 18.06.2014-ലെ മറുപടിക്ക്

<u>''സ്വയംപര്യാപ്ത ഗ്രാമം''</u>

2568 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി -പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

''സ്വയംപര്യാപ്ത ഗ്രാമം'' പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ നടന്നുവരുന്ന പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ നിയോജകമണ്ഡലം അടിസ്ഥാനത്തിൽ വിശദമാക്കാമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

സ്വയംപര്യാപ്ത ഗ്രാമപദ്ധതിയിലുൾപ്പെടുത്തി നാട്ടികമണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ

2569 ശ്രീമതി ഗീതാഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജക മണ്ഡലത്തിലെ ശിവപുരം കോളനിയിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള നിർമ്മാണ പ്രവൃത്തികൾ ഏതുവരെയായി എന്ന് വിശദമാക്കുമോ;

(ബി) പ്രവൃത്തികൾക്ക് കാലതാമസം നേരിടുന്നതിന് കാരണം ബോധ്യപ്പെടുത്തുമോ; കാലതാമസം പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(സി) എസ്റ്റിമേറ്റ് പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് പദ്ധതിയുടെ ഉദ്ഘാടനം എന്ന് നടത്തുവാൻ കഴിയുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

**<u>സ്വയംപര്യാപ്തഗ്രാമം പദ്ധതിയിലേയ്ക്ക് കോഴിക്കോട് ജില്ലയിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട കോളനികൾ</u>**

2570 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വയം പര്യാപ്ത പട്ടികജാതി സങ്കേതങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ നടത്തുന്നതിന് കോഴിക്കോട് ജില്ലയിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട പട്ടികജാതി കോളനികൾ ഏതെല്ലാമാണെന്ന് നിയോജകമണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) ഇവയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(സി) കുന്ദമംഗലം ഗ്രാമപഞ്ചായത്തിലെ ആമ്പ്രമ്മൽ പട്ടികജാതി കോളനിയെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>സ്വയം പര്യാപ്ത ഗ്രാമം പദ്ധതി</u>

2571 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

കുട്ടനാട് നിയോജകമണ്ഡലത്തില്‍ തകഴി ഗ്രാമപഞ്ചായത്ത് നാലാം വാര്‍ഡിലെ കസ്തുര്‍ബാ, കുന്നയ്ക്കല്‍, മാപല്ലക്കല്‍ കോളനികളിലായുള്ള 82 കുടുംബങ്ങളെ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയില്‍ ഉള്‍പ്പെടുത്തുന്നതിനായി സമര്‍പ്പിച്ചിരിക്കുന്ന അപേക്ഷയില്‍ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികള്‍ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>വീടില്ലാത്ത പട്ടികജാതി കുടുംബങ്ങൾ</u>

2572 ശ്രീ. എ. കെ. ബാലൻ
,, പുരുഷൻ കടലുണ്ടി
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വീടില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് വീടുവയ്ക്കാനും തകർന്ന വീടുകൾ നന്നാക്കാനുമുള്ള പദ്ധതി ഫലപ്രദമായി നടക്കാത്തതിന്റെ കാരണം അറിയിക്കാമോ;

(ബി) പണി പൂർത്തിയാകാത്ത വീടുകളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ;

(സി) കഴിഞ്ഞ വർഷം ബജറ്റിൽ പട്ടികജാതിയിൽപ്പെട്ട ഭവനരഹിതർക്ക് വീടു നിർമ്മിക്കുന്നതിനായി നീക്കിവെച്ചിരുന്ന 125 കോടി രൂപയിൽ 20% മാത്രം ചെലവഴിക്കാനിടയായ സാഹചര്യത്തെക്കുറിച്ച് വിശദീകരിക്കാമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>വാമനപുരം നിയോജകമണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ഭവന രഹിതർക്കുവേണ്ടിയുള്ള പദ്ധതികൾ</u>

2573 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ഭവന രഹിതർ എത്രയാണെന്നുള്ള വിവരശേഖരണം നടത്തിയിട്ടുണ്ടോ;

(ബി) ഇവരുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഇവർക്ക് വീടുവച്ച് നൽകുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

വാമനപുരം നിയോജക മണ്ഡലത്തിൽ
പട്ടികജാതിക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതി

2574 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വാമനപുരം നിയോജക മണ്ഡലത്തിൽ പട്ടികജാതിക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പുതിയ എന്തെല്ലാം പദ്ധതികളാണ് ഇക്കാര്യത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>വാത്സല്യനിധി പദ്ധതി</u>

2575 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർദ്ധനരായ പട്ടികജാതി പെൺകുട്ടികളുടെ സംരക്ഷണാർത്ഥം വാത്സല്യനിധി എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങളും വിശദമാക്കാമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>പട്ടികജാതിക്കാർക്ക് വീട് വയ്ക്കാൻ അനുവദിച്ച ഭൂമി കരിങ്കൽ ക്വാറി മാഫിയ കയ്യേറിയ സംഭവം</u>

2576 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാർക്ക് ഐ.എ.വൈ, ഇ.എം.എസ് ഭവന പദ്ധതികൾ പ്രകാരം വീട് വയ്ക്കാൻ അനുവദിച്ച ഭൂമി കരിങ്കൽ ക്വാറി മാഫിയ കയ്യേറിയതായി റിപ്പോർട്ട് ചെയ്ത എത്ര സംഭവങ്ങൾ ഉണ്ടായിയെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം സംഭവങ്ങളിൽ സ്വീകരിച്ച നടപടി പട്ടികജാതി -പട്ടികവർഗ്ഗ വികസന വകുപ്പിനറിയുമോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

പൊതുമരാമത്ത് വകുപ്പ് വഴി നടപ്പിലാക്കുന്ന
പട്ടികജാതി വകുപ്പിന്റെ ഫണ്ടുവിനിയോഗം

2577 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് വഴി നടപ്പിലാക്കുന്ന പട്ടികജാതി വകുപ്പിന്റെ ഫണ്ട് വിനിയോഗം ഫലപ്രദമാണോയെന്ന് വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ എത്ര തുകയാണ് പൊതുമരാമത്ത് വകുപ്പുവഴി നടപ്പിലാക്കുന്ന പദ്ധതിക്കായി ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരുന്നതെന്നും അതിൽ എത്ര രൂപവരെ ഓരോ വർഷവും ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ; ഓരോ വർഷത്തെയും കണക്ക് ലഭ്യമാക്കുമോ ;

(സി) പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിച്ച ഏതെല്ലാം പദ്ധതികളാണ് ഇതുവരെയും പൂർത്തിയാകാത്തതെന്ന് വ്യക്താമക്കുമോ; പദ്ധതിയുടെ പേര്, ഫണ്ട് അനുവദിച്ച വർഷം, അനുവദിച്ച തുക, പണിയുടെ നിലവിലെ സ്ഥിതി ഇവ വ്യക്തമാക്കുമോ ;

(ഡി) പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 18.06.2014-ലെ മറുപടിക്ക്

<u>പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമം 1989 - പ്രകാരമുള്ള നഷ്ടപരിഹാരം</u>

2578 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം അതിക്രമങ്ങൾക്ക് ഇരയായ എത്രപേർക്ക് പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമം-1989 അനുസരിച്ച് നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്നും എത്ര രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ; ജില്ല തിരിച്ചുള്ള വിശദാംശം നൽകുമോ;

(ബി) ഈ പദ്ധതിക്കായി കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ബജറ്റിൽ എത്ര തുകയാണ് ഉൾക്കൊള്ളിച്ചിരുന്നതെന്നും അതിൽ എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) നഷ്ടപരിഹാരം ആവശ്യപ്പെട്ട് എത്ര അപേക്ഷകളാണ് ഓരോവർഷവും ലഭിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) ഏതെല്ലാം തരത്തിലുള്ള കഷ്ടനഷ്ടങ്ങൾക്കാണ് നഷ്ടപരിഹാരം നൽകുന്നതെന്നും നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്നും വിശദമാക്കുമോ; ആരാണ് നഷ്ടപരിഹാരതുക നിശ്ചയിക്കുന്നതെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെട്ടിടനിർമ്മാണം</u>

2579 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിനുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കെട്ടിടത്തിൽ എന്നു മുതൽ ക്ലാസ്സുകൾ ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.06.2014-ലെ മറുപടിക്ക്

<u>പട്ടികജാതി, പരിവർത്തിത വിഭാഗക്കാർ എടുത്ത വിവിധയിനം വായ്പകൾ എഴുതിത്തള്ളൽ</u>

2580 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പരിവർത്തിത വിഭാഗത്തിൽപ്പെടുന്നവർ സർക്കാർ വകുപ്പുകൾ, വിവിധ കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്നും എടുത്തിട്ടുള്ളതിൽ കുടിശ്ശികയായിട്ടുള്ളതും, തിരിച്ചടവ് കാലാവധി കഴിഞ്ഞതുമായ വിവിധയിനം വായ്പകൾ എഴുതിത്തള്ളാൻ ഉത്തരവ് ഇറക്കിയിട്ടുള്ളത് ഏത് തീയതിയിലാണെന്ന് വ്യക്തമാക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഉത്തരവിൽ പരാമർശിച്ചിട്ടുള്ള തീയതിക്കുശേഷം എടുത്ത വായ്പ കുടിശ്ശികയായിട്ടുണ്ടെങ്കിൽ അത്തരം വായ്പകൾ എഴുതിത്തള്ളുന്നത് സംബന്ധിച്ച് നയപരമായ തീരുമാനം എടുത്തിട്ടുണ്ടോ. എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) വായ്പ എഴുതിത്തള്ളൽ പദ്ധതിപ്രകാരം എത്രപേർക്ക് ഈ ആനുകൂല്യം ലഭിച്ചുയെന്ന് വ്യക്തമാക്കുമോ; എത്ര കോടി രൂപയാണ് ഇതുവഴി എഴുതിത്തള്ളിയതെന്ന് വ്യക്തമാക്കുമോ;

(ഡി) വായ്പ എഴുതിത്തള്ളൽ പദ്ധതിയിൽ വായ്പ തുകയ്ക്ക് പരിധി നിശ്ചയിച്ചിരുന്നോയെന്നും എങ്കിൽ എത്രയാണെന്നും വ്യക്തമാക്കുമോ;

(ഇ) ഈ പദ്ധതിക്കായി അനുവദിച്ചിരുന്ന സമയപരിധി എന്നാണ് അവസാനിച്ചതെന്ന് വ്യക്തമാക്കുമോ; പല കാരണങ്ങളാലും ഈ സമയപരിധിക്കുള്ളിൽ അപേക്ഷ നൽകാൻ കഴിയാതിരുന്ന ഈ വിഭാഗത്തിൽപ്പെടുന്നയാളുകൾക്ക് ഒരവസരംകൂടി നൽകാൻ തയ്യാറാകുമോ; വായ്പാ പരിധി ഒരു ലക്ഷം രൂപാവരെയാക്കി ഉയർത്തി പരമാവധി ആനുകൂല്യം നൽകാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

പട്ടികജാതി - പട്ടികവർഗ്ഗ കോർപറേഷന് നൽകിയ തുക

2581 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി - പട്ടിക വർഗ്ഗ കോർപ്പറേഷന് ഈ സർക്കാർ അധികാരമേറ്റ ശേഷം ഓരോ വർഷവും എത്ര രൂപാ വീതം നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ തുക ഓരോ വർഷവും ഏതെല്ലാം പദ്ധതികൾക്കായി എത്ര രൂപാ വീതം നീക്കിവെച്ചുവെന്നും ഓരോ പദ്ധതികളിലും ഉണ്ടായ വാർഷിക ചെലവിന്റെ വിവരവും ലഭ്യമാക്കുമോ;

(സി) ഓരോ പദ്ധതിയിലും എത്ര ഗുണഭോക്താക്കൾക്ക് ഗുണം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>പട്ടികജാതി പിന്നോക്ക വിഭാഗങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ</u>

2582 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പട്ടികജാതി, പിന്നോക്ക വിഭാഗങ്ങളുടെ വ്യക്തിഗതാനുകൂല്യങ്ങളിലും പെൻഷൻ, ലംപ്സംഗ്രാന്റ്, ചികിത്സാ ധനസഹായം എന്നീ ഇനങ്ങളിലും എന്തു തുക ചിലവഴിച്ചെന്ന് വിശദമാക്കാമോ;

(ബി) മേൽപ്പറഞ്ഞ ഓരോ ഇനത്തിലും എത്ര മാസത്തെ എത്ര തുക വീതം കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**18.06.2014-ലെ മറുപടിക്ക്**

<u>പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന</u>
<u>വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്</u>

2583 ശ്രീ. വി. പി. സജീന്ദ്രൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ഷാഫി പറമ്പിൽ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ കോഴ്സുകളിൽ മെരിറ്റിൽ പ്രവേശനം നേടി പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്ന പദ്ധതിക്ക് പട്ടികജാതി വകുപ്പ് തുടക്കംകുറിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം കേന്ദ്ര സഹായമാണ് ഇതിന് ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രത്യേക സ്കോളർഷിപ്പ് പദ്ധതി</u>

2584 ശ്രീ. വി. പി. സജീന്ദ്രൻ
'' ഐ. സി. ബാലകൃഷ്ണൻ
'' എ. പി. അബ്ദുള്ളക്കുട്ടി
'' വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 9, 10 ക്ലാസുകളിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രത്യേക സ്കോളർഷിപ്പ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) എന്തെല്ലാം കേന്ദ്ര സഹായമാണ് ഇതിന് ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**കേരള നിയമസഭ**
**18.06.2014-ലെ മറുപടിക്ക്**

<u>അംബേദ്കർഭവന്റെ പ്രവർത്തനം</u>

2585 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, വി. റ്റി. ബൽറാം
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അംബേദ്കർഭവന്റെ പ്രവർത്തനത്തിന് തുടക്കംകുറിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പട്ടികജാതിക്കാരുടെ ക്ഷേമത്തിന് എന്തെല്ലാം കാര്യങ്ങളാണ് ഇവിടെ ഒരുക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ ബ്ലോക്ക് പട്ടികജാതി വികസന ആഫീസിൽ നിന്നും ചികിത്സാധനസഹായം അനുവദിച്ചതു സംബന്ധിച്ച്

2586 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ ബ്ലോക്ക് പട്ടികജാതി വികസന ആഫീസിൽ നിന്നും എത്ര പേർക്ക് ചികിത്സാധനസഹായം അനുവദിച്ചിട്ടുണ്ട്;

(ബി) എത്ര ലക്ഷം രൂപയാണ് ഇത്രയും പേർക്ക് വിതരണം ചെയ്തിട്ടുള്ളത്; വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിൽ പട്ടികജാതി വികസന വകുപ്പിനുകീഴിൽ ആരംഭിക്കുന്ന മെഡിക്കൽ കോളേജ്</u>

2587 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ പട്ടികജാതി വികസന വകുപ്പിനുകീഴിൽ ആരംഭിക്കുന്ന മെഡിക്കൽ കോളേജിന്റെ പ്രവർത്തനം എന്നുമുതൽ ആരംഭിക്കാൻ കഴിയുമെന്നാണ് ഉറപ്പുനൽകിയിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മെഡിക്കൽ കോളേജ് നിർമ്മാണം ഏതുഘട്ടംവരെ പൂർത്തിയായിട്ടുണ്ടെന്നും 31-03-2014 വരെ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) എന്നത്തേയ്ക്ക് നിർമ്മാണം പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത മെഡിക്കൽ കോളേജിന് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭ്യമായിട്ടുണ്ടോ; ഇപ്പോഴത്തെ സ്ഥിതി വിശദീകരിക്കുമോ;

(ഇ) എന്നത്തേയ്ക്ക് ക്ലാസ്സുകൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ ?

**കേരള നിയമസഭ**
**18.06.2014-ലെ മറുപടിക്ക്**

<u>എൻട്രൻസ് ലിസ്റ്റിൽ നിന്നും മെരിറ്റ് സീറ്റിൽ പ്രവേശനം നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾ</u>

2588 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവേശന പരീക്ഷാ മെരിറ്റ് ലിസ്റ്റിൽ നിന്നും സംസ്ഥാനത്തെ വിദ്യഭ്യാസ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്ന പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അപ്രകാരം ആനുകൂല്യങ്ങൾ നൽകാത്തതിനുളള സാഹചര്യങ്ങളും കാരണങ്ങളും എന്താണെന്ന് പറയാമോ;

(സി) പ്രവേശന പരീക്ഷ വിജയിച്ച് മെരിറ്റ് സീറ്റിൽ ഈ വിഭാഗങ്ങളിൽ നിന്നും ഇതേ വരെ അഡ്മിഷൻ ലഭിച്ചവർക്കും ഭാവിയിൽ പ്രവേശനം ലഭിക്കുന്നവർക്കും പൂർണ്ണമായും വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>പിന്നോക്ക സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സംവരണം</u>

T2589 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പ്രൊഫഷണൽ കോളേജുകളിലെയും ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലെയും പ്രവേശനത്തിന് പിന്നോക്ക സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സംവരണം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

എസ്. സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ സ്റ്റൈഫന്റും ലംപ്സംഗ്രാന്റും വിതരണം

2590 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്. സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ സ്റ്റൈപന്റും ലംപ്സംഗ്രാന്റും വിതരണത്തിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലതാമസം ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ഈ ഇനത്തിലുള്ള കുടിശ്ശിക തുകയുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ഡി) പട്ടികജാതി വിഭാഗങ്ങൾക്കുള്ള വിവാഹ ധനസഹായ ഇനത്തിൽ നിലവിൽ കുടിശ്ശികയുണ്ടോയെന്നും എങ്കിൽ എത്ര തുക കുടിശ്ശികയുണ്ടെന്നും വ്യക്തമാക്കുമോ; ഇത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>പൊന്നാനി പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മാണം</u>

2591 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി എം.ഇ.എസ്. കോളേജ്, ഐ.എ.എസ്. അക്കാദമി, മൈനോറിറ്റി കോച്ചിംഗ് സെന്റർ, തിരൂർ തുഞ്ചൻ കോളേജ്, മലയാള സർവ്വകലാശാല, തിരൂർ പോളിടെക്നിക്, കുറ്റിപ്പുറം എഞ്ചിനീയറിംഗ് കോളേജ് എന്നിവിടങ്ങളിലെ എസ്.സി. വിഭാഗം കുട്ടികൾ ഹോസ്റ്റലില്ലാതെ പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പൊന്നാനി നഗരസഭാ പരിധിയിലുള്ള പട്ടികജാതി ക്ഷേമ വകുപ്പിന്റെ കീഴിലുള്ള സ്ഥലത്ത് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>പട്ടികജാതി യുവജനങ്ങൾക്ക് തൊഴിൽ പരിശീലനം</u>

2592 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതി യുവജനങ്ങൾക്ക് തൊഴിൽ പരിശീലനത്തിനായി എൻ. ടി. ടി. എഫ്., സൈബർ ശ്രീ, കെൽട്രോൺ എന്നീ സ്ഥാപനങ്ങൾക്കായി എത്ര രൂപാ വീതം ഓരോ വർഷവും നൽകിയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ഏതെല്ലാം കോഴ്സുകൾക്ക് എത്ര വീതം കുട്ടികൾക്ക് ഈ കാലയളവിൽ പ്രവേശനം നൽകിയെന്നും അതിൽ എത്രപേർ കോഴ്സ് പൂർത്തീകരിച്ചുവെന്നുമുള്ള വർഷം തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ ;

(സി) ഏതെല്ലാം ഇനങ്ങളിൽ ചെലവാക്കാനാണ് ഈ തുക സ്ഥാപനങ്ങൾക്ക് നൽകിയതെന്ന് വിശദീകരിക്കുമോ?

# കേരള നിയമസഭ
# 18.06.2014-ലെ മറുപടിക്ക്

പട്ടികജാതി യുവാക്കൾക്ക് എൻ.ടി.ടി.എഫ്
മുഖേന തൊഴിൽ പരിശീലനം

2593 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പട്ടികജാതി യുവാക്കൾക്ക് തൊഴിൽ പരിശീലനത്തിനായി എത്ര കോടി രൂപ എൻ.ടി.ടി.എഫ് എന്ന സ്വകാര്യ സ്ഥാപനത്തിന് നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്ഥാപനം ഏതെല്ലാം സെന്ററുകളിൽ ഏതെല്ലാം കോഴ്സുകൾക്ക് സർക്കാർ സഹായത്തോടെ എത്ര പട്ടികജാതി വിദ്യാർത്ഥികൾക്ക് ഓരോ വർഷവും അഡ്മിഷൻ നൽകിയെന്ന് അറിയിക്കുമോ; ഇതിൽ എത്ര പേർ പഠനം പൂർത്തിയാക്കിയെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്പോൾ സർക്കാർ സഹായത്തോടെ ഈ സ്ഥാപനത്തിന്റെ ഏതെല്ലാം സെന്ററുകളിൽ ഏതെല്ലാം കോഴ്സുകൾക്ക് പട്ടികജാതി യുവാക്കൾ പഠിക്കുന്നുവെന്നും ഇതിൽ കേരളത്തിന് വെളിയിലുള്ള സെന്ററുകളും ഉൾപ്പെടുന്നുണ്ടോയെന്നും വ്യക്തമാക്കുമോ;

(ഡി) ഇപ്പോൾ ഈ സ്ഥാപനത്തിന്റെ വിവിധ സെന്ററുകളിൽ സർക്കാർ സഹായത്താൽ പഠിക്കുന്നവരുടെ പേര് വിവരം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>പൊന്നാനി ഐ. ടി. ഐ.</u>

2594 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനിയിലെ പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ഐ. ടി. ഐ. യിൽ പതിറ്റാണ്ടുകളായി ഇലക്ട്രീഷ്യൻ കോഴ്സ് മാത്രമാണുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ കൂടുതൽ തൊഴിൽ സാധ്യതയുള്ള കോഴ്സുകൾ അനുവദിക്കുന്നതിന് തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത കാംപസിൽ പുതിയ കെട്ടിടം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

മുഖാരി - മൂവാരി സമുദായത്തിൽപ്പെട്ടവർക്ക് ജോലി സംവരണം ഉൾപ്പെടെയുള്ള ആനുകൂല്യം

2595 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖാരി - മുവാരി സമുദായത്തിൽപ്പെട്ടവർക്ക് ജോലി സംവരണം ഉൾപ്പെടെയുള്ള ആനുകൂല്യം ലഭിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഈ വിഭാഗത്തിന് സംവരണം ലഭിക്കുന്നതുമായി ബന്ധപ്പെട്ട് കിർത്താഡ്സിന്റെ പഠന റിപ്പോർട്ട് ലഭ്യമാക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 18.06.2014-ലെ മറുപടിക്ക്

<u>പലിശപെരുംകൊല്ലൻ വിഭാഗം</u>

2596 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിശ്വകർമ്മ ഉപജാതിയിൽപ്പെട്ട പലിശപെരുംകൊല്ലൻ എന്ന വിഭാഗത്തെ മറ്റ് പിന്നോക്കജാതിയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പലിശപെരുംകൊല്ലൻ വിഭാഗത്തിന് നാളിതുവരെ പിന്നോക്കവിഭാഗത്തിനുള്ള സംവരണാനുകൂല്യങ്ങൾ ലഭിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഒ. ബി. സി. പട്ടികയിൽ പലിശപെരുംകൊല്ലൻ എന്ന വിഭാഗത്തെ ഉൾപ്പെടുത്തുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**18.06.2014-ലെ മറുപടിക്ക്**

<u>സീപ്ലെയിന്‍ പദ്ധതി</u>

2597 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സീപ്ലെയിന്‍ പദ്ധതി നടപ്പിലായിട്ടുണ്ടോ ; ഈ പദ്ധതി തടസ്സപ്പെടാന്‍ കാരണമെന്തല്ലാമാണെന്നും ഇത്തരത്തില്‍ തടസ്സമുണ്ടായതുമൂലം സര്‍ക്കാരിന് നഷ്ടമുണ്ടായിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ;

(ബി) പദ്ധതി നടപ്പാക്കാന്‍ വേണ്ടി സര്‍ക്കാര്‍ ഖജനാവില്‍ നിന്നും നാളിതുവരെ എത്ര തുക ചെലവായിട്ടുണ്ടെന്നും പദ്ധതി നടപ്പില്‍ വരുമ്പോള്‍ വാര്‍ഷികമായി എത്ര രൂപാ ലാഭം പ്രതീക്ഷിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>സീപ്ലെയിൻ പദ്ധതിയുമായി ബന്ധപ്പെട്ട ആശങ്കകൾ</u>

T2598 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സീപ്ലെയിൻ പദ്ധതിയുമായി ബന്ധപ്പെട്ട് തീരദേശത്തും മറ്റുമായി ഉണ്ടാകാനിടയുള്ള പാരിസ്ഥിതിക പ്രശ്നങ്ങളെ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് സാങ്കേതിക വിദഗ്ധ ഏജൻസിമുഖാന്തരമാണ് നടത്തിയിട്ടുള്ളതെന്നുള്ള വിവരം പഠനവിശദാംശങ്ങൾ സഹിതം അറിയിക്കുമോ;

(സി) മത്സ്യത്തൊഴിലാളികളുടെ ആശങ്ക പരിഹരിക്കുന്നതിനായി ഏന്തെല്ലാം നടപടികളാണ് നിലവിൽ എടുത്തിട്ടുള്ളത് എന്നറിയിക്കുമോ;

(ഡി) സീപ്ലെയിൻ ഓപ്പറേഷൻ ഗ്ലോബൽ ടെൻഡറിംഗിലൂടെ നടപ്പാക്കുന്നതിന് നിലവിൽ ഏതെങ്കിലും തരത്തിലുള്ള സാങ്കേതിക തടസ്സമുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

വിവിധ സീസണുകളിൽ സംസ്ഥാനത്തെത്തിയ ടൂറിസ്റ്റുകൾ

2599 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011, 2012, 2013, 2014 ടൂറിസ്റ്റ് സീസണുകളിൽ സംസ്ഥാനത്തെത്തിയ ആഭ്യന്തര, വിദേശ ടൂറിസ്റ്റുകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) മുൻ വർഷങ്ങളെ അപേക്ഷിച്ച് ഇത് കുറവാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 18.06.2014-ലെ മറുപടിക്ക്

<u>ടൂറിസ്റ്റുകളുടെ എണ്ണവും ടൂറിസത്തിൽ നിന്നുമുള്ള വരുമാനവും</u>

2600 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തിക വർഷം കേരളം സന്ദർശിച്ച വിദേശ ടൂറിസ്റ്റുകളുടെ എണ്ണം എത്ര; ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം എത്ര; ഇതുവഴി എത്ര കോടി രൂപയുടെ വരുമാനമുണ്ടായി; ഇതിന്റെ എത്ര ശതമാനം വിദേശനാണ്യമായി ലഭിച്ചു; ഇത് 2011-12 , 2012-13 സാമ്പത്തിക വർഷങ്ങളുമായി താരതമ്യം ചെയ്യുമോ; വിശദമാക്കുമോ;

(ബി) വിദേശ ടൂറിസ്റ്റുകളിൽ കൂടുതൽ പേർ ഏത് രാജ്യത്തു നിന്നുള്ളവർ, ആഭ്യന്തര ടൂറിസ്റ്റുകളിൽ കൂടുതൽ ഏത് സംസ്ഥാനത്ത് നിന്നുളളവർ; വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ ടൂറിസം വകുപ്പ് മന്ത്രി എത്ര വിദേശ രാജ്യങ്ങൾ സന്ദർശിച്ചു; ഏതൊക്കെ വിദേശ രാജ്യങ്ങൾ; എത്ര ദിവസം വിദേശ രാജ്യങ്ങളിലായിരുന്നു; ആയതിന് സംസ്ഥാന ഖജനാവിൽ നിന്നും നാളിതുവരെ എന്തു തുക ചെലവഴിച്ചു; വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം വിദേശ യാത്രകളുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പ് മന്ത്രിയെ അനുഗമിച്ച ഉദ്യോഗസ്ഥരടക്കമുള്ള പേഴ്സണൽ സ്റ്റാഫിലെ അംഗങ്ങൾ സംസ്ഥാന ഖജനാവിൽ നിന്നും ചെലവഴിച്ച തുക എത്രയെന്ന് വിശദമാക്കുമോ; ആരൊക്കെയാണ് ഇത്തരത്തിൽ വിദേശ യാത്ര നടത്തിയതെന്നും സംസ്ഥാന ഖജനാവിൽ നിന്നും ഓരോരുത്തരും ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

വിദേശ, ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ പദ്ധതി

2601 ശ്രീ. മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ
,, സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദേശ, ആഭ്യന്തര ടൂറിസ്റ്റുകളെ സംസ്ഥാനത്തേക്ക് ആകർഷിക്കുവാൻ പുതുതായി ഏതെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

**കേരള നിയമസഭ**
**18.06.2014-ലെ മറുപടിക്ക്**

<u>പിൽഗ്രിം സർക്യൂട്ട് പദ്ധതി</u>

2602 ശ്രീ. ജോസഫ് വാഴക്കൻ
,, റ്റി. എൻ പ്രതാപൻ
,, വി. ഡി. സതീശൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വകുപ്പിന്റെ ആഭിമുഖ്യത്തിൽ പിൽഗ്രിം സർക്യൂട്ട് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയനുസരിച്ച് തീർത്ഥാടകർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിനടത്തിപ്പുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

**കേരള നിയമസഭ**
**18.06.2014-ലെ മറുപടിക്ക്**

<u>അഡ്വഞ്ചർ ടൂറിസം</u>

2603 ശ്രീ. ഹൈബി ഈഡൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, കെ. മുരളീധരൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഡ്വഞ്ചർ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രസ്തുത മേഖലകളുടെ വികസനത്തിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) അഡ്വഞ്ചർ ടൂറിസത്തിന് അനുയോജ്യമെന്ന് കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങളിൽ പുതിയ പദ്ധതികൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>ജനപങ്കാളിത്തത്തോടെയുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനം</u>

2604 ശ്രീ. എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ
,, കെ. ശിവദാസൻ നായർ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനം ജനപങ്കാളിത്തത്തോടെ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം തരത്തിലുള്ള പങ്കാളിത്തമാണ് പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**കേരള നിയമസഭ**
**18.06.2014-ലെ മറുപടിക്ക്**

<u>ശാന്തിതീരം റിവർസൈഡ് വാക്ക്‌വേ</u>

2605 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം സിവിൽ സ്റ്റേഷനു താഴെ കടലുണ്ടിപ്പുഴയുടെ തീരങ്ങളിൽ ടൂറിസം വകുപ്പ് നടപ്പാക്കുന്ന ശാന്തിതീരം റിവർസൈഡ് വാക്ക് വെ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ഇതിനകം എന്തെല്ലാം പ്രവർത്തനങ്ങളാണ് അവിടെ നടപ്പാക്കിയതെന്നും അതിനായി എന്തു തുക ചെലവഴിച്ചെന്നും വ്യക്തമാക്കാമോ;

(സി) പദ്ധതിപ്രകാരമുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് എത്രയും വേഗം തുറന്നുകൊടുക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>ടൂറിസം മേഖലയിൽ അടിസ്ഥാന സൗകര്യ വികസനം</u>

2606 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എത്തുന്ന ടൂറിസ്റ്റുകൾക്ക് താമസസൗകര്യവും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഓരോ ജില്ലയിലേയും ടൂറിസ്റ്റ് കേന്ദ്രങ്ങളെ കൂട്ടിയോജിപ്പിച്ച് ബസ് സർവ്വീസുകൾ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) അടിസ്ഥാന സൗകര്യ വികസനത്തിനായി ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**കേരള നിയമസഭ**
**18.06.2014-ലെ മറുപടിക്ക്**

<u>വിനോദസഞ്ചാരമേഖലയിലെ മാന്ദ്യം</u>

2607 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍
,, പി. റ്റി. എ. റഹീം
,, എം. ചന്ദ്രന്‍
,, എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിനോദസഞ്ചാരമേഖലയില്‍ മാന്ദ്യം ബാധിച്ചതായുള്ള വാര്‍ത്തകള്‍ ശ്രദ്ധയില്‍പ്പെട്ടിരുന്നോ;

(ബി) മാന്ദ്യത്തിനു കാരണമെന്തെന്ന് വിലയിരുത്തിയിട്ടുണ്ടോ; എന്തൊക്കെ പരിഹാര നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(സി) ടൂറിസ്റ്റ് വാഹനങ്ങളുടെ അശാസ്ത്രീയ നികുതിഘടനാ പരിഷ്ക്കാരം ടൂറിസം മേഖലയിലെ പ്രശ്നം കൂടുതല്‍ സങ്കീര്‍ണ്ണമാക്കിയതായി മനസ്സിലാക്കിയിട്ടുണ്ടോ; എങ്കില്‍ ഇത് തിരുത്താന്‍ വേണ്ട ഇടപെടല്‍ നടത്തുമോ;

(ഡി) വിദേശ-ആഭ്യന്തര ടൂറിസ്റ്റുകളുടെ വരവില്‍ സ്വാഭാവിക വര്‍ദ്ധന ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വർദ്ധിച്ചുവരുന്ന അപകടങ്ങൾ</u>

2608 ശ്രീ. കെ.കെ. ജയചന്ദ്രൻ
'' കെ. ദാസൻ
'' സി. കൃഷ്ണൻ
'' പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അപകടങ്ങൾ വർദ്ധിച്ചുവരുന്നത് പരിശോധിച്ചിട്ടുണ്ടോ ;

(ബി) അപകട സാധ്യതയുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മുന്നറിയിപ്പ് നൽകാനും സുരക്ഷാ സജ്ജീകരണങ്ങൾ ഒരുക്കുന്നതിനുമുള്ള പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുമോ ;

(സി) പ്രധാന ടൂറിസം കേന്ദ്രങ്ങളിലെങ്കിലും ടൂറിസം വാർഡൻമാരെ നിയമിച്ച് അപായം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.06.2014–ലെ മറുപടിക്ക്

<u>ഇക്കോ ടൂറിസം പദ്ധതിയുടെ നവീകരണം</u>

T2609 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി – പിന്നോക്ക സമുദായ ക്ഷേമവും
വിനോദസഞ്ചാരവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇക്കോ – ടൂറിസം പദ്ധതികളുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കണ്ടെത്തലുകൾ വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി കഴിഞ്ഞ സാമ്പത്തിക വർഷം നീക്കിവെച്ച തുകയിൽ നിന്ന് എത്ര ശതമാനം തുക ചെലവഴിച്ചിട്ടുണ്ട്;

(ഡി) ഇക്കോ ടൂറിസം പദ്ധതികളുടെ പുനരുദ്ധാരണത്തിനായി വിദേശരാജ്യങ്ങളുടെ മാതൃക സ്വീകരിക്കുന്നതുൾപ്പെടെയുള്ള നൂതന ആശയങ്ങൾ നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 18.06.2014-ലെ മറുപടിക്ക്

<u>പരിസ്ഥിതി സൗഹൃദ ടൂറിസം</u>

2610 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സൗഹൃദ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികളെന്തെല്ലാം ;

(ബി) പരിസ്ഥിതി സൗഹൃദ ടൂറിസവുമായി ബന്ധപ്പെട്ട് പുതിയതായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കുമോ ;

(സി) പരിസ്ഥിതി സൗഹൃദ ടൂറിസവുമായി ബന്ധപ്പെട്ട് ഈ സർക്കാർ ചെലവിട്ട തുക പദ്ധതിയടിസ്ഥാനത്തിൽ അറിയിക്കുമോ ?

**കേരള നിയമസഭ**
**18.06.2014-ലെ മറുപടിക്ക്**

സ്വകാര്യ മേഖലയിലെ ടൂറിസം പദ്ധതികൾക്ക് വിനോദ നികുതിയിളവ്

2611 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യമേഖലയിലും സ്വകാര്യ പങ്കാളിത്തത്തിലും നടക്കുന്ന ടൂറിസ്റ്റ് പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേന്ദ്രങ്ങളിലെ പ്രവേശന ടിക്കറ്റുകൾക്ക് വിനോദ നികുതിയിളവ് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) സ്വകാര്യമേഖലയിലെ എത്ര വിനോദ ടൂറിസ്റ്റ് കേന്ദ്രങ്ങൾ വിനോദ നികുതിയിനത്തിൽ കുടിശ്ശിക അടക്കാനുണ്ടെന്ന് പേര് സഹിതം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>പൊൻമുടി ടൂറിസ്റ്റ് കേന്ദ്രത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ</u>

2612 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം പൊൻമുടി ടൂറിസ്റ്റ് കേന്ദ്രത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾക്ക് എത്ര തുക ചെലവായിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ഇതിനായി കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) പൊൻമുടി ടൂറിസ്റ്റ് കേന്ദ്രത്തിന്റെ വികസനത്തിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുതെന്ന് അറിയിക്കുമോ ?

**കേരള നിയമസഭ**
**18.06.2014-ലെ മറുപടിക്ക്**

<u>കിളിമാനൂര്‍ രാജാരവിവര്‍മ്മ സ്മാരകവും കൊട്ടാരവും ടൂറിസം പദ്ധതിയിലുള്‍പ്പെടുത്തല്‍</u>

2613 ശ്രീ. ബി. സത്യന്‍

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

കിളിമാനൂര്‍ രാജാരവിവര്‍മ്മ സ്മാരകവും കിളിമാനൂര്‍ കൊട്ടാരവും ഉള്‍പ്പെടുന്ന പ്രദേശം ടൂറിസം പദ്ധതിയില്‍ ഉള്‍പ്പെടുത്തുന്നതുമായി ബന്ധപ്പെട്ടുള്ള നടപടിക്രമങ്ങള്‍ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 18.06.2014-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിൽ അനുമതി നൽകിയ ടൂറിസം പദ്ധതികൾ</u>

2614 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം കൊല്ലം ജില്ലയിൽ അനുമതി നൽകിയ ടൂറിസം പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) കൊട്ടാരക്കരയിലെ 'മീൻപിടിപ്പാറ' ടൂറിസം പദ്ധതി അനുമതിക്കായി (കൊല്ലം ഡി.റ്റി.പി.സി) സമർപ്പിച്ചിരുന്നോ; പ്രസ്തുത പദ്ധതിയിൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ;

(സി) കൊല്ലം ജില്ലയിൽനിന്നും സമർപ്പിക്കപ്പെട്ടതും അനുമതി ലഭ്യമാക്കേണ്ടതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

പരവൂർ തെക്കുംഭാഗം പ്രദേശത്ത് ടൂറിസം വികസനം

2615 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പരവൂർ തെക്കുംഭാഗം പ്രദേശത്ത് ടൂറിസം വികസനം സാധ്യമാക്കുന്നതിന് അപേക്ഷ ലഭിച്ചിരുന്നുവോ ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ ;

(സി) ടൂറിസം സാധ്യതകൾ ഏറെ ഉണ്ടായിരിക്കുകയും എന്നാൽ പ്രസ്തുത ആവശ്യത്തിലേക്ക് സ്വന്തമായി ഭൂമി ഇല്ലാതിരിക്കുകയും ചെയ്യുന്ന അവസ്ഥയിൽ ഭൂമി ഏറ്റെടുക്കുന്നതിനോ ഭൂമി വാങ്ങുന്നതിനോ ടൂറിസം വകുപ്പിന് പദ്ധതികൾ നിലവിലുണ്ടോയെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>ആദിച്ചനെല്ലൂർ ചിറ ടൂറിസം വികസനം</u>

2616 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ആദിച്ചനെല്ലൂർ ചിറ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തുവാൻ തീരുമാനിച്ചിട്ടുള്ളത്; വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് ബോട്ടിംഗ് സൗകര്യം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുവോ; എങ്കിൽ ആയതിലേക്ക് എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>അന്ധകാരനഴി ബീച്ച് ടൂറിസം</u>

2617 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ അന്ധകാരനഴി കടൽ തീരം സംരക്ഷിക്കുന്നതിനും ഇവിടേക്കുള്ള വിനോദസഞ്ചാര സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ;

(ബി) ഒട്ടേറെ തുക മുടക്കി സൗന്ദര്യവത്കരണം നടത്തിയ അന്ധകാരനഴി ബീച്ചിലെ കെട്ടിടങ്ങളും 'വാച്ച് വേ' യും നശിച്ചു പോകുന്നത് ഒഴിവാക്കുവാൻ വിനോദസഞ്ചാരവകുപ്പിന്റെ ഒരു പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>ആലപ്പുഴയിലെ കനാലുകളുടെ നവീകരണം</u>

2618 ശ്രീ. ജി. സുധാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആലപ്പുഴയിലെ കനാലുകളുടെ നവീകരണത്തിനുള്ള വിനോദസഞ്ചാരവകുപ്പിന്റെ പദ്ധതിക്ക് ഭരണാനുമതി നല്‍കിയിട്ടുണ്ടോ; എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്;

(ബി) ടെണ്ടര്‍ നടപടികള്‍ പൂര്‍ത്തീകരിച്ചോ; പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്താണ്;

(സി) ആലപ്പുഴ ടൗണിലെ 104 ചെറുകനാലുകള്‍ കൂടി പ്രസ്തുത പദ്ധതിയില്‍ ഉള്‍പ്പെടുത്തണമെന്ന എം. എല്‍. എ. യുടെ നിര്‍ദ്ദേശം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കില്‍ ഇക്കാര്യത്തില്‍ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>തോട്ടപ്പിള്ളി ബീച്ച് ടൂറിസം</u>

2619 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തോട്ടപ്പിള്ളി സ്പിൽവേയുടെ പടിഞ്ഞാറുവശം നടപ്പിലാക്കുന്ന ബീച്ച് ടൂറിസം പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവോ ; അടങ്കൽ തുക എത്ര ;

(സി) പ്രസ്തുത പ്രവൃത്തി ആരംഭിച്ചോ ; ഇല്ലെങ്കിൽ എന്നത്തേക്ക് ആരംഭിച്ച് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**18.06.2014-ലെ മറുപടിക്ക്**

<u>അഴീക്കോട്-മുനക്കൽ ബീച്ച് സൗന്ദര്യവത്ക്കരണം</u>

2620 ശ്രീ. വി. എസ്. സുനിൽകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഴീക്കോട്-മുനക്കൽ ബീച്ചിന്റെ സൗന്ദര്യവത്ക്കരണത്തിനായി എന്തെങ്കിലും പദ്ധതികൾ മുന്നിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി പണം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 18.06.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ ഡി.ടി.പി.സി നടപ്പാക്കിയ പദ്ധതികൾ</u>

2621 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളിലൂടെയുള്ള പദ്ധതികൾക്കായി കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈയിനത്തിൽ കാസർഗോഡ് ജില്ലയ്ക്ക് എത്ര തുക അനുവദിച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ഈ തുക ഉപയോഗിച്ച് ജില്ലയിൽ ഡി.ടി.പി.സി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
# 18.06.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ഡി. ടി. പി. സി.ക്ക് സർക്കാർ വാഹനം</u>

2622 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഡി. ടി. പി. സി.ക്ക് സർക്കാർ വാഹനം അനുവദിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് അനുവദിക്കാത്തതെന്ന് വിശദമാക്കുമോ;

(സി) ഡി. ടി. പി. സി. യുടെ ആവശ്യത്തിനായി വാടകക്ക് വാഹനം വിളിക്കാറുണ്ടോ;

(ഡി) 2006ന് ശേഷം ഓരോ വർഷവും വാടകയിനത്തിൽ നൽകിയിയ തുക എത്രയെന്ന് വിശദമാക്കുമോ;

(ഇ) ഡി. ടി. പി. സി.ക്ക് സർക്കാർ വാഹനം അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(എഫ്) ഇതുവരെ വാഹനം അനുവദിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(ജി) ഡി. ടി. പി. സി.ക്ക് ഏതെല്ലാം ജില്ലകളിലാണ് സർക്കാർ വാഹനങ്ങളുള്ളതെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**
**18.06.2014-ലെ മറുപടിക്ക്**

<u>ബേക്കൽ റിസോർട്ട് ഡവലപ്പ്മെന്റ് കോർപ്പറേഷൻ</u>

2623 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കാസർഗോഡ് ജില്ലയിലെ ബേക്കൽ റിസോർട്ട് ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ എത്ര പേർ മാനേജിംഗ് ഡയറക്ടറായി സേവനമനുഷ്ഠിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഇവർ വാങ്ങിയിട്ടുള്ള ശമ്പളം, മറ്റ് അലവൻസുകൾ എന്നിവ പ്രത്യേകം പ്രത്യേകം വിശദമാക്കുമോ?

## കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>ബേക്കൽ എയർസ്ട്രിപ്പ് ടൂറിസം പദ്ധതി</u>

2624 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമൂദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേക്കൽ എയർസ്ട്രിപ്പ് ടൂറിസം വകുപ്പിന്റെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിക്ക് എന്നാണ് പ്രാഥമികാനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രാഥമികാനുമതി നൽകിയതിനുശേഷം നാളിതുവരെ ഈ പദ്ധതി പ്രാവർത്തികമാക്കാൻ ബി.ആർ.ഡി.സി. എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്ത് തുടർ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ ബി.ആർ.ഡി.സി യുടെ കൈവശ മുള്ള റിസോർട്ടുകൾ നൽകുവാനുള്ള കുടിശ്ശിക</u>

2625 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായ ക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബി.ആർ.ഡി.സി. (ബേക്കൽ റിസോഴ്സ് ഡവലപ്മെന്റ് കോർപ്പറേഷൻ) യുടെ കൈവശം എത്ര റിസോർട്ട് സൈറ്റുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവ ആർക്കൊക്കെയാണ് ലീസിന് നൽകിയിട്ടുള്ളതെന്നും ലീസിനത്തിൽ ബി.ആർ.ഡി.സി. ക്ക് വർഷം തോറും എന്ത് തുക വരുമാനമായി ലഭിക്കുന്നുണ്ടെന്നും അറിയിക്കാമോ;

(സി) ലീസിനത്തിൽ ഓരോ റിസോർട്ട് ഉടമയും ബി.ആർ. ഡി.സി.ക്ക് കുടിശ്ശിക വരുത്തിയിട്ടുണ്ടോ; എങ്കിൽ കുടിശ്ശിക എത്രയാണെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കുമോ;

(ഡി) ഈ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ബി.ആർ. ഡി.സി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
# 18.06.2014-ലെ മറുപടിക്ക്

<u>'അഹാഡ്സ് - കോംപ്രിഹെൻസീവ് എൻവയോൺമെന്റ് കൺസർവേഷൻ ആന്റ് കമ്മ്യൂണിറ്റി ഡെവലപ്പമെന്റ് പ്രൊജക്ട്'</u>

2626 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'അഹാഡ്സ് - കോംപ്രിഹെൻസീവ് എൻവയോൺമെന്റ് കൺസർവേഷൻ ആന്റ് കമ്മ്യൂണിറ്റി ഡെവലപ്പമെന്റ് പ്രൊജക്ട്' എന്ന പേരിൽ വയനാട് ജില്ലയിൽ ഒരു പദ്ധതി നടപ്പാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധമായ എന്തെങ്കിലും സാധ്യതാ പഠനം നടപ്പാക്കിയിട്ടുണ്ടോ. എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതെല്ലാം തരത്തിലുള്ള വികസനമാണ് ഇതുകൊണ്ട് ലക്ഷ്യം വെയ്ക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിന്റെ ഗുണഭോക്താക്കൾ ആരെല്ലാമാണെന്നും ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ഏതു മാനദണ്ഡമാണ് സ്വീകരിക്കുന്നതെന്നും വിശദമാക്കുമോ ?

**കേരള നിയമസഭ**
**18.06.2014-ലെ മറുപടിക്ക്**

<u>വയനാട്ടിലെ വിനോദസഞ്ചാര മേഖലയ്ക്ക്</u>
<u>അനുയോജ്യമായ തരത്തിലുള്ള മാസ്റ്റര്‍ പ്ലാന്‍</u>

2627 ശ്രീ. എം.വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വയനാട്ടിലെ വിനോദസഞ്ചാര മേഖലയ്ക്ക് അനുയോജ്യമായതരത്തില്‍ ഒരു മാസ്റ്റര്‍ പ്ലാന്‍ തയ്യാറാക്കുന്നതിനു നടപടി സ്വീകരിക്കുമോ;

(ബി) വിവിധ വകുപ്പുകള്‍ക്ക് കീഴിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളെ ഏകോപിപ്പിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ജില്ലയില്‍ ഉള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>കാലടി-മലയാറ്റൂർ -അതിരപ്പള്ളി ടൂറിസം സർക്യൂട്ട്</u>

2628 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലടി - മലയാറ്റൂർ - അതിരപ്പള്ളി ടൂറിസം സർക്യൂട്ടിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത ടൂറിസം സർക്യൂട്ടിന്റെ പ്രാധാന്യം കണക്കിലെടുത്തും ഈ മേഖലയിലെ വികസനത്തിനായി അനുവദിച്ചിട്ടുള്ള തുകയുടെ പ്രവൃത്തികൾ അടിയന്തരമായും സമയബന്ധിതമായും പൂർത്തിയാക്കേണ്ടതായിട്ടുള്ളതിനാലും മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>മംഗലം ഡാം ടൂറിസ്റ്റ് കേന്ദ്രം</u>

2629 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ മംഗലം ഡാം ടൂറിസ്റ്റ് കേന്ദ്രത്തിൽ ടിക്കറ്റ് സംവിധാനം ഏർപ്പെടുത്തിയതിനുശേഷം എത്ര വിനോദസഞ്ചാരികളാണ് സന്ദർശനം നടത്തിയിട്ടുള്ളതെന്നു വ്യക്തമാക്കാമോ;

(ബി) 2014 ഏപ്രിൽ, മെയ് മാസങ്ങളിൽ എത്ര പേരാണ് സന്ദർശനം നടത്തിയിട്ടുള്ളത്;

(സി) ടിക്കറ്റിനത്തിൽ എത്ര തുക പിരിഞ്ഞു കിട്ടി?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>കല്ല്യാശ്ശേരി മണ്ഡലത്തിലെ വിനോദസഞ്ചാരമേഖലകൾ</u>

2630 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ വിനോദസഞ്ചാര മേഖലയായി വികസിപ്പിക്കാൻ സാദ്ധ്യതയുള്ള ഏതൊക്കെ സ്ഥലങ്ങളാണ് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ കണ്ടെത്തിയത് ;

(ബി) ഇത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം നൽകുമോ ?

**കേരള നിയമസഭ**
**18.06.2014-ലെ മറുപടിക്ക്**

<u>തൃശ്ശൂര്‍ പൂരത്തോടനുബന്ധിച്ച് '24 അമ്പലം തൊഴല്‍' എന്ന ടൂറിസം പാക്കേജ് പദ്ധതി</u>

2631 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി - പിന്നോക്ക സമുദായ ക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

തൃശ്ശൂര്‍ പൂരത്തോടനുബന്ധിച്ച് 24 അമ്പലങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് '24 അമ്പലം തൊഴല്‍' എന്ന ടൂറിസം പാക്കേജ് പദ്ധതി നടപ്പിലാക്കാന്‍ നടപടി സ്വീകരിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരന്‍,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജൂണ്‍ 09.

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയില്‍ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റില്‍ ലഭ്യമാക്കേതാണ്. [ചട്ടം 47(1)]

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.